## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

05.02.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :- 2321

### കെ.എസ്.ഐ.ഡി.സി യുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഐ.ഡി.സി - യുടെ പ്രവർത്തനം വിശദമാക്കുമോ; സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിൽ പ്രസ്തുത സ്ഥാപനം വഹിച്ച പങ്ക് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്കും നിക്ഷേപവർദ്ധനവിനും വേണ്ടി 1961 ൽ സ്ഥാപിതമായ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള പ്രമുഖ വികസന ഏജൻസിയാണ് കെ എസ് ഐ ഡി സി. സാമ്പത്തിക സഹായങ്ങൾ നൽകിയും വിവിധ സർക്കാർവകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികളും ആനുകൂല്യങ്ങളും ലഭ്യമാക്കിയും ഇടത്തരവും വലുതുമായ വ്യവസായ സംരംഭങ്ങളെ സംസ്ഥാനത്ത് സ്ഥാപിച്ച് വ്യവസായ വളർച്ച നേടുന്നതിലുള്ള ഭൗതികവും, സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് കെ എസ് ഐ ഡി സി യുടെ ദൗത്യം. കഴിഞ്ഞ 5 പതിറ്റാണ്ട് കൊണ്ട് കെ എസ് ഐ ഡി സി 75 ഓളം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് ഉൽപ്രേരകമായിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ കെ.എസ്.ഐ.ഡി.സി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഇന്നവേഷൻ കം ഇൻകുബേഷൻ | (ബി) | തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ കെ എസ് ഐ ഡി സി ആരംഭിക്കുന്ന ഇന്നവേഷൻ കം ഇൻക്യൂബേഷൻ സെന്ററിന്റെ നിർമ്മാണവു |

| | | | |
|---|---|---|---|
| | സെന്ററിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | | മായി ബന്ധപ്പെട്ട് ദർഘാസ് വിളിച്ചിരുന്നു. എന്നാൽ ഈ ദർഘാസിൽ പങ്കെടുത്ത ഒരു ലേലക്കാരൻ ഹൈക്കോടതിയെ സമീപിച്ചതിനെതുടർന്ന് ഹൈക്കോടതി ഇടപെട്ട് പ്രസ്തുത ദർഘാസ് നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. നിലവിലിരിക്കുന്ന കേസ് തള്ളിക്കളയുന്നതിനാവശ്യമായ നടപടികൾ കെ എസ് ഐ ഡി സി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ഉടൻ തന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഫിഷിംഗ് ഹാർബറുകളിൽ കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ പ്രീ പ്രോസസിംഗ് സെന്ററുകൾ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി കെ എസ് ഐ ഡി സി ചേർത്തലയിലെ പള്ളിപ്പുറത്ത് സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണത്തിനു ഊന്നൽ നൽകിക്കൊണ്ട് സമുദ്രോൽപ്പന്ന സംസ്കരണത്തിന് മെഗാഫുഡ് പാർക്ക് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി പ്രീ-പ്രോസസിംഗ് സെന്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. സമുദ്രോൽപ്പന്നങ്ങളുടെ സംസ്കരണത്തിനു വേണ്ടിയുള്ള മെഗാഫുഡ് പാർക്ക് ആയതിനാൽ പ്രീ-പ്രോസസ്സിംഗ് സെന്ററുകൾ ഫിഷിങ്ങ് ഹാർബറുകളോടനുബന്ധിച്ചാണ് വിഭാവനം ചെയ്തത്. തോപ്പുംപടി, വൈപ്പിൻ, മുനമ്പം എന്നീ ഫിഷിങ്ങ് ഹാർബറുകളിലാണ് പ്രീ പ്രോസസിങ്ങ് സെന്ററുകൾ തുടങ്ങുന്നത്. |
| (ഡി) | സ്ത്രീ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കേരളത്തിലെ വ്യവസായ മേഖലയുടെ മുഖ്യധാരയിലേയ്ക്ക് വനിതാവ്യവസായികളെ ആകർഷിക്കുന്നതിനും, വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ എസ് ഐ ഡി സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ "വീ മിഷൻ".<br>വനിതാസംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ്ങ് |

| | | | |
|---|---|---|---|
| | | | മീറ്റിങ്ങുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും . അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ് വീ മിഷൻ വഴി കെ എസ് ഐ ഡി സി ചെയ്തുവരുന്നത്.<br>പ്രസ്തുത വീ മിഷൻ മുഖേന കേരളത്തിലെ വനിതാവ്യവസായികൾക്കു വേണ്ടി താഴെ പ്രതിപാദിച്ചിരിക്കുന്ന അഞ്ചു തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.<br>1. **മെന്റ്ററിംഗ് സപ്പോർട്ട്:**<br>വനിതാസംരംഭകർക്ക് വ്യവസായത്തിൽ മുന്നേറുവാനുള്ള ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കുവാനുള്ള അവസരം.<br>2. **മറ്റു വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ :**<br>വിജയപ്രദമായ വനിതാ സംരംഭകരുടെ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കുവാനുള്ള അവസരം.<br>3. **വിപണന ശൃംഖല വിപുലീകരിക്കൽ:**<br>ഈ മേഖലയിലുള്ളവരുമായി മികച്ച രീതിയിൽ ബന്ധം സ്ഥാപിച്ചെടുക്കാൻ അവസരം.<br>4. **ഹ്രസ്വകാല സാമ്പത്തിക സഹായം**<br>സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള |

| | | | |
|---|---|---|---|
| | | | ബിസിനസ്സ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിധീകരണത്തിനോ ഉള്ള (ഹ്രസ്വകാല) വായ്പാ പദ്ധതി.<br>5. **അടിസ്ഥാന സൗകര്യ സഹായങ്ങൾ :**<br>വനിതാ സംരംഭകർക്ക് വ്യവസായ വിപുലീകരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം കെ എസ് ഐ ഡി സി യുടെ വനിതാ സംരംഭകത്വ മിഷന്റെ കീഴിൽ കേരളത്തിലെ ആദ്യത്തെ അടിസ്ഥാന സൗകര്യ വികസന സംരംഭമാണ് വനിതകൾക്ക് മാത്രമായി 42.228 ചതുരശ്ര അടിയിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ സജ്ജമാക്കിയിരിക്കുന്ന വീ - സ്പേസ് അഥവാ വനിതാ അപ്പാരൽ പാർക്ക്, വസ്ത്ര നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും, ഈ മേഖലയിലെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വീ-സ്പേസ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. വളരെ ചുരുങ്ങിയ നിരക്കിലാണ് ഈ സൗകര്യം സംരംഭകർക്ക് നൽകുന്നത്. |

Bindu. T

**സെക്ഷൻ ഓഫീസർ**